**No:WCD/AC-9515/2018**

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഇമെയിൽ-fowcdkerala@gmail.com
തീയ്യതി: 16.11.2020
☐: 0471-2346508

## പരിപത്രം

വിഷയം : വനിതാ ശിശുവികസന വകുപ്പ് -സംസ്ഥാന/ജില്ലാതല പരിശോധനാ സംഘം പുനഃസംഘടിപ്പിക്കുന്നത്-നാമനിർദ്ദേശം - സംബന്ധിച്ച്

സൂചന: 1) 20.04.2018 ലെസർക്കാർപരിപത്രംനമ്പർ: 33/2018/Fin
2) വനിത ശിശു വികസന ഡയറക്ടറുടെ16.05.2019 ലെ WCD/AC9515/2018നമ്പർ: ഉത്തരവ്
3) അക്കൗണ്ടന്റ് ജനറൽ നടത്തിയ കംപ്ലൈന്റ്സ് ഓഡിറ്റിലെ നിർദ്ദേശം

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ സംവിധാനം കാര്യക്ഷമമാക്കണമെന്ന സർക്കാർ നിർദ്ദേശാനുസരണം ഡയറക്ടറേറ്റ് തലത്തിൽ ഫിനാൻസ് ഓഫീസർ / അക്കൗണ്ട്സ് ഓഫീസർമാരുടെ നേതൃത്വത്തിലും, ജില്ലാതലത്തിൽ സീനിയർ സൂപ്രണ്ട് / ജൂനിയർ സൂപ്രണ്ട്മാരുടെ നേതൃത്വത്തിലും യഥാക്രമം ഡയറക്ടറേറ്റ്, ജില്ലാതല ആഡിറ്റ് ടീം രൂപീകരിച്ച് ആഡിറ്റ് നടപടികൾ തുടർന്നുവരികയാണ്.

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് കൂടി രൂപീകരിച്ചു ജീവനക്കാരെ ഇരു വകുപ്പുകളിലുമായി വിന്യസിച്ചതിൻ പ്രകാരം ജീവനക്കാരെ ഇരു വകുപ്പുകളിലുമായി ഓപ്ഷന്റയടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ വരുന്ന കാര്യാലയങ്ങളിൽ ആഡിറ്റ് നടത്തുന്നതിനായി നിലവിലുള്ള ജില്ലാതല ആഡിറ്റ് ടീം പുനഃക്രമീകരിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നു.

വകുപ്പിൻ കീഴിൽ പുതുതായി ജില്ലാ വനിതാ ശിശു വികസന ഓഫീസുകൾ ആരംഭിച്ചതിന്റെയടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലാർക്ക് തസ്തികകളിൽ ജീവനക്കാരെ ജില്ലാ ആഫീസുകളിൽ നിയമിച്ചിട്ടുണ്ട്. എല്ലാ ജില്ലാ വനിതാ ശിശുവികസന ആഫീസുകളിലും സീനിയർ സൂപ്രണ്ട്തസ്തിക നിലവിലില്ലാത്തതിനാൽ ജില്ലാതല ആഡിറ്റ് ഓഫീസറുടെ ചുമതല ജില്ലാതല ഐസിഡിഎസ് സെൽ സീനിയർ സൂപ്രണ്ടിനാണ് നൽകിയിട്ടുള്ളത്. കൂടാതെ ടി ഓഫീസിലും ജൂനിയർ സൂപ്രണ്ട്, ഹെഡ്അക്കൗണ്ടന്റ്, സീനിയർ ക്ലാർക്ക് തസ്തികയിൽ ജീവനക്കാരെ പുനർവിന്യസത്തിൻറയടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വകുപ്പ് തല ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആഡിറ്റിന് ഏകീകൃത സ്വഭാവം ഉണ്ടാകുന്നതിനും, ജില്ലാ ആഡിറ്റ് ഓഫീസറുടെ നേതൃത്വത്തിലുള്ള ആഡിറ്റ് ടീമിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ജില്ലാതല ഐ സി ഡി എസ് സെൽ എന്നിവിടങ്ങളിലെ ജൂനിയർ സൂപ്രണ്ട് / ഹെഡ് അക്കൗണ്ടൻറ്/ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നുള്ള ജീവനക്കാരെ മാത്രം ഉൾക്കൊള്ളിച്ചാൽമതിയാവുന്നതാണ് .

സൂചന (1) സർക്കാർ പരിപത്രത്തിലെ നിർദ്ദേശപ്രകാരം മതിയായ യോഗ്യതയുള്ള ജില്ലാ വനിതാ ശിശു വികസന ഓഫീസ്, ജില്ലാതല ഐ സി ഡി എസ് സെൽ എന്നിവിടങ്ങളിലെ ജീവനക്കാരെ ജില്ലാതല ആഡിറ്റ് ഓഫീസറായ പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ടുമാർ തിരഞ്ഞെടുത്ത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതാണ്. ജില്ലാതല ആഡിറ്റ് ഓഫീസർമാർ സമർപ്പിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള ജീവനക്കാരുടെ യോഗ്യത സൂചന (1) സർക്കുലർ പ്രകാരം ആണെന്നുറപ്പവരുത്തി അംഗീകാരത്തിനായി ഈ കാര്യാലയത്തിലേക്ക് അയച്ചുതരുന്നതിനുള്ള ചുമതല ജില്ലാ വനിതാ ശിശു വികസന ഓഫീസർക്കായിരിക്കുന്നതാണ്.

ഇത്തരത്തിൽ ജില്ലാതല ആഡിറ്റ് ടീം പുനഃക്രമീകരിക്കുന്നതിനുള്ള പ്രൊപോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ട് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ ലിസ്റ്റ് നിർദിഷ്ട ഫോർമാറ്റിൽ അംഗീകാരത്തിനായി **30.11.2020**നകം ഈ കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

ജില്ലാതല പരിശോധനാ സംഘം പുനഃക്രമീകരിച്ച ഉത്തരവാകുന്നതുവരെ നിലവിലുള്ള പരിശോധന സംഘത്തിന് പ്രവർത്തിക്കാവുന്നതാണ്

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

പകർപ്പ് :
സൂപ്രണ്ട്, ഐറ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)